# വനിതാ ഫിലിംഫെസ്റ്റിവൽ ഉയർത്തുന്ന ചോദ്യങ്ങൾ

മെയ് 21 മുതൽ 24 വരെ കോഴിക്കോട് അന്വേഷി വിമൺ കൗൺസലിങ്ങ് സെന്ററിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര സ്ത്രീ സിനിമാ പ്രദർശനം നടത്തുകയുണ്ടായി. ഇക്കഴിഞ്ഞ സംസ്ഥാന ഫിലിം ഫെസ്റ്റിവെല്ലിൽ സ്ത്രീകളുടെ പങ്കാളിത്തം 14% മാത്രമായിരുന്നു. അന്വേഷി നടത്തിയ സിനിമാ പ്രദർശനം സ്ത്രീകളുടെ സാന്നിദ്ധ്യം കൊണ്ട് ശ്രദ്ധേയമായി. കേരളത്തിലാദ്യമായാണ് ഇങ്ങനെയൊരു പ്രദർശനം നടക്കുന്നതെന്നും പ്രാധാന്യമർഹിക്കുന്നു. എന്നാൽ ഈ ഫിലിം ഫെസ്റ്റിവെൽ മുന്നോട്ടുവെയ്ക്കുന്ന ചില ചോദ്യങ്ങളുണ്ട്.

കേരളത്തിൽ രൂപപ്പെട്ടുവന്ന ഫിലിം സൊസൈറ്റി സംസ്കാരം നിലനിറുത്തുവാനായി സാധാരണ സ്ത്രീകളുടെ പ്രശ്നങ്ങളിൽ ഇടപെട്ടു കൊണ്ടിരിക്കുന്ന അന്വേഷിയെപ്പോലൊരു സംഘടന ശ്രദ്ധിക്കേണ്ടതുണ്ടോ? സ്ഥിരമായി ഫിലിം ഫിലിം ഫെസ്റ്റിവലുകളിൽ പങ്കെടുക്കുന്ന ഒരു വലിയ വിഭാഗം (പ്രത്യേകിച്ചും പുരുഷൻമാർ) ഈ ഫെസ്റ്റിവെല്ലിന്റെയും ഭാഗമായിരുന്നു. നല്ല സിനിമയെന്നാൽ ആർട്ട് സിനിമകൾ (സമാന്തര സിനിമകൾ) ആണെന്നും കമേഴ്സ്യൽ സനിമകൾ ഈ പരിധിയ്ക്ക് പുറത്താണെന്നുമുള്ള ഒരു സംസ്കാരം നമ്മുടെ ഫിലിംസൊസൈറ്റികൾ രൂപപ്പെടുത്തിയിട്ടുണ്ട്.

വിശ്രമത്തിനും വിനോദത്തിനുമായി സിനിമകാണാനെത്തുന്ന സാധാരണ പ്രക്ഷകർക്ക് നല്ല സിനിമ ഇന്നതെന്നും ചീത്ത സിനിമ ഇന്നതെന്നുമുള്ള വേർതിരിവ് നല്കുന്നതിനുപകരം കമേഴ്സ്യൽ സിനിമകൾ ആവർത്തിച്ചുറപ്പിക്കുന്ന പിതൃബിംബങ്ങളുടെയും അധികാരചിഹ്നങ്ങളുടെയും സദാചാരചട്ടക്കൂട്ടുകളുടെയും കെണികൾ തിരിച്ചറിയാനുതകുന്നവിധം ഒരു സംഘാടനം നടത്തുകയായിരുന്നില്ലേ സംഘാടകർ? കമേഴ്സ്യൽ സിനിമകൾ അവയുടെ എല്ലാവിധ കച്ചവട സ്വഭാവങ്ങൾക്കകത്തുനിന്ന് ചിലപ്പോഴെങ്കിലും ഉന്നയിക്കാൻ ഉതകുന്ന യാഥാർത്ഥ്യബോധമുള്ള ചോദ്യങ്ങൾ അവഗണിക്കുന്നത് അവയെ തള്ളിക്കളയുന്നതിനോ അത്തരം സിനിമകളുടെ സാധ്യതകൾ ഇല്ലാതാക്കുന്നതിനോ തുല്യമാണ്. അന്വേഷി ഇത്തരമൊരു വരേണ്യ വർഗ്ഗശീലക്കാർക്ക് കൂട്ടുനില്ക്കുന്ന സംഘടനയായി മാറേണ്ടതുണ്ടോ?

*ശ്രീപ്രിയ.സി.*
*കൊട്ടിയം, കൊല്ലം.*

**കത്തുകൾ – അറിയിപ്പുകൾ**

**കേരളീയം, തൃശൂർ–21**

keraleeyamtcr@rediffmail.com

## പെട്രോൾ ഉപഭോക്താക്കൾ സംഘടിക്കണം

പെട്രോൾ, ഡീസൽ തുടങ്ങിയ എണ്ണ ഇന്ധനങ്ങളുടെ വിലനിയന്ത്രണത്തിൽ നിന്ന് കേന്ദ്ര ഗവണ്മെന്റ് പിൻവാങ്ങിയ സാഹചര്യത്തിൽ കൊള്ള ലാഭത്തിനുവേണ്ടി എന്തുനടപടികൾ സ്വീകരിക്കാനും എണ്ണക്കമ്പനികൾ ശക്തരായിരിക്കയാണല്ലോ.

ലക്ഷക്കണക്കായ ഉപഭോക്താക്കൾ അടിയന്തിരമായി സംഘടിച്ച് അവരുടേതായ ഉപഭോക്തൃസംഘടന ഉണ്ടാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ടാക്സിക്കാരും, ടൂവീലർകാരുമൊക്കെയാണ് ഇക്കാര്യത്തിൽ മുൻകൈയെടുക്കേണ്ടത്.

*ജോണി. ജെ. പ്ലാത്തോട്ടം*
*പ്രവിത്താനം*

## മാനിഷാദായോട് എന്തിനിത്ര വിരോധം?

പത്രത്തെപ്പറ്റി വളരെ നല്ല അഭിപ്രായം അറിയിക്കട്ടെ. എങ്കിലും ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്നു. കഴിഞ്ഞ ലക്കം തോന്ന്യാക്ഷരത്തിൽ ജെ. കെ എന്തിനായിരുന്നു മാനിഷാദയെ ക്രൂശിച്ചത്? ഇതിന്റെ സംഘാടകരോടുള്ള വ്യക്തിവൈരാഗ്യം തീർക്കാനോ? ഇത് സംഘടിപ്പിച്ചതും നടത്തിയതും തെറ്റായ രീതിയിലാണെങ്കിൽ അത് വിശദീകരിക്കാമായിരുന്നു. അതല്ലാതെ അതിനെ അപ്പാടെ വിമർശിച്ചത് ദുരുദ്ദേശം തന്നെ. മാനിഷാദ ആദ്യാവസാനം വരെ കേൾക്കുകയും കാണുകയും ചെയ്തു എന്നുള്ളതുകൊണ്ട് പറയട്ടെ; ഒരു ശരാശരി മലയാളിയെ സംബന്ധിച്ച് ഇത്തരം സാംസ്കാരികപരിപാടികൾ മാനസികമായി ഒരുപാട് വ്യത്യാസവും നന്മയും പകരുക മാത്രമേ ചെയ്യുന്നുള്ളൂ. ഇത്തരം സാംസ്കാരിക മുന്നേറ്റത്തെ അവഗണിക്കുകയും അവഹേളിക്കുകയും ചെയ്യുന്നവർ, അതിന് അവസരം നൽകുന്നവർ തീർച്ചയായും അതിന്റെ കാരണം കാണിക്കാൻ ബാദ്ധ്യസ്ഥരാണ്. നെൽസന്റെ ബോതിനിയെ ശരിയായും ശരികേടായും കാണിച്ചതന്നവർ 'പാമ്പുവേലായുധന്റെ' നേരോ! അഥവാ നെറികേടോ വരച്ചുകാട്ടുമെന്ന് പ്രത്യാശിക്കുന്നു.

*ശ്രീനിവാസൻ. ഇ. കെ*
*അമലനഗർ, തൃശ്ശൂർ*

## എന്തുകൊണ്ട് ഷക്കീല ചിത്രങ്ങൾ ?

നായികാപ്രാധാന്യമുള്ള ചിത്രങ്ങൾ കുറഞ്ഞുവരുന്നു എന്ന വാദം നിലനിൽക്കുമ്പോൾ അതിനൊരപവാദമായി ഷക്കീലചിത്രങ്ങൾ. പ്രിയദർശൻ, കമൽ ചിത്രങ്ങൾ എന്നിങ്ങനെ മറ്റു ചിത്രങ്ങൾ അറിയപ്പെടുമ്പോൾ എന്തുകൊണ്ട് ഇത്തരം ചിത്രങ്ങൾ സംവിധായകരെ മറച്ചുവയ്ക്കുന്നു? ഒരു ഇരപിടുത്തത്തിന്റെ വന്യമായ ദൃശ്യാവിഷ്കാരമായി സിനിമയും സിനിമാ പശ്ചാത്തലവും...... സ്ത്രീ ഇരയും പുരുഷൻ വേട്ടമൃഗവുമായിരിക്കുന്ന ഈ വ്യവസ്ഥ വർത്തമാനത്തിന്റെ മാത്രം ആകുലതയല്ല. ഭാവിയുടേതും കൂടിയാണ്.

*ജയ, രമ, ഷൈല*
*ചേതന, തൃശ്ശൂർ*

## സൃഷ്ടികൾ ക്ഷണിക്കുന്നു

കാമ്പസ്സുകളെ ഉദ്ദേശിച്ച് തൃശ്ശൂരിൽ നിന്നും ഇറങ്ങുന്ന സ്പൈസസ് മാസികയിലേക്ക് പരിസ്ഥിതി, സാഹിത്യം, സംസ്കാരം, സ്ത്രീ, ദളിത് തുടങ്ങിയ വിഷയങ്ങളെ അധികരിച്ചുള്ള സൃഷ്ടികൾ ക്ഷണിക്കുന്നു.
സ്പൈസസ്,C/O CENSE,
കൈതാരൻ വീട്,പന്തളം ലൈൻ,
കാനാട്ടുകര. പി. ഒ, തൃശ്ശൂർ.

സാങ്കേതികമായ കാരണങ്ങളാൽ പ്രതീക്ഷിച്ചിരുന്ന പല മാറ്ററുകളും പ്രസിദ്ധീകരിക്കാനായില്ല. പത്രാധിപർ